# തുഷാരം

## ജി.എം.ആർ.എസ് പൂക്കോട്



# ആമുഖം

വിവര സാങ്കേതിക വിദ്യ ഇത്രയുമധികം വികസനം പ്രാപിച്ച ഇന്നത്തെ വിദ്യാഭ്യാസ കാലഘട്ടത്തിൽ ലിറ്റിൽകൈറ്റ്സിന്റെ സ്ക്കുളിലെ പ്രവർത്തനങ്ങൾ എന്നെന്നും എടുത്തുപറയേണ്ട ഒന്നായി മാറിയിരിക്കുന്നു.

ഡിജിറ്റൽ അറിവിനെ മുൻനിർത്തിക്കൊണ്ട് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഈ മാഗസിൻ

സ്ക്കുളിലെ ഏറ്റവും മികച്ച പ്രവർത്തനങ്ങളിൽ *ഒന്നാണ്.*

# ആശംസ

ആദിവാസി ഗോത്രവിഭാഗങ്ങളുടെ പ്രാചീന ഗുഹാചിത്രങ്ങൾ സർഗാത്മകതയുടെ ആദ്യാക്ഷരങ്ങൾ തെളിയുന്നൊരിടമാണ്.കുറെക്കൂടി മെച്ചമായ ലോകനിർമ്മിതിക്കുള്ള ത്വരയാണ് ആത്മാവിഷ്കാരങ്ങളുടെ ഏതു രൂപത്തിലും തുടിക്കുന്നത് മനുഷ്യകുലത്തിന്റെ  ആരംഭം മുതൽക്കെ ഈ തൃഷ്ണയുടെ ദൃഷ്ട്ടാന്തങ്ങൾകാണാംഈപാരമ്പര്യത്തിന്റെയഥാർത്ഥഅനന്തരാവകാശികളാണ്ഈഡിജിറ്റൽമാഗസിൻഒരുക്കുന്നത്.കലയെപ്പോലെതന്നെ ശാസ്ത്രവും കൂടുതൽ മെച്ചമായ ലോകത്തെ രൂപപ്പെടുത്താനാണ് ശ്രമിക്കുന്നത്.സർഗാത്മകതയുടെയും ശാസ്ത്രസാങ്കേതിക വിദ്യയുടെയും സമുന്നയമാണ് നമ്മുടെ ഡിജിറ്റൽ മാഗസിൻ.കൂടുതൽ മെച്ചമായ ഒരു ലോകമാണ് നമ്മുടെ സ്വപ്നം.മാനവികതയാണ് നമ്മുടെ കൊടിക്കൂറ.ഈ സ്വപ്നത്തിൽ ഞാനും  പങ്കുചേരുന്നു. ഡിജിറ്റൽ മാഗസിന് എല്ലാ വിധ ആശംസകളും

ഹെഡ്മാസ്റ്റർ

വിനോദൻ

E.M.R.S.Pookode

## ഉള്ളടക്കം


ലിറ്റിൽകൈറ്റ്സ് അംഗങ്ങൾ 2019-2021........6
ചങ്ങാതിമാർ........7
ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ........8
പ്രളയം........10
അമ്മക്കിളി........11
മിണ്ടാപ്രാണി........12
*കൂട്ടുകാർ*........13
ഒരു കർഷകന്റെ അവസ്ഥ........15
കയിലും........16
കുട്ടിയും........16
പൂവിന്റെ സങ്കടം(അർച്ചന സി.ബി)........17
പുലരി........18
ചന്ദനമരത്തിന്റെ സങ്കടവും മഞ്ഞൾച്ചെടിയുടെ സന്തോഷവും........19
*സുന്ദരിപ്പൂമ്പാറ്റയുംകുഞ്ഞികിളിയും*........20
മനോഹരമായ പുഴ........22
ചട്ടമ്പിസ്വാമികൾ........23
ഏബ്രഹാം ലിങ്കൺ........24
ഇടശ്ശേരി ഗോവിന്ദൻനായർ........25
മദർ തെരേസ........26
ഒരു സുന്ദരിയായ രാജകുമാരി........28
*സഹായം*........*29*
രാജാവിന്റെ ഭക്ഷണം........31
എന്റെ പുഴ........32
എൻെറ പ്രകൃതി........33
അയ്യങ്കാളി........34
ആൽ മുത്തശ്ശി കഥ........35
അപ്പുവിന്റെ പക്ഷിനോട്ടം........36
മുത്തച്ഛനും, പ്രകൃതിയും, അപ്പുവും........38
ഇുവൽ........39
ചക്കരപ്പാടം........40
വായനക്കുറിപ്പ്........40

ക്രിസ്തുമസ്.....41
രാത്രി.....41
ആര്യഭടൻ.....42
ഉണ്ണിയുടെ സ്വപ്നം.....43
ദാരിദ്രത്തിന്റെ വിജയം.....44
ഏകലവ്യ സ്കൂൾ നാഷണൽ സ്പോർട്സ്മീറ്റ്.....46
*കൾച്ചറൽ ഫെസ്റ്റ്*.....49
*സർഗ്ഗോത്സവം*.....51



# ലിറ്റിൽകൈറ്റ്സ്
# അംഗങ്ങൾ *2019-2021*

# ചങ്ങാതിമാർ

ഒരിടത്ത് ഉറ്റ ചങ്ങാതിമാരായ രണ്ട് കുരങ്ങൻമാരുണ്ടായിരുന്നു. ഒരു ദിവസം അവർ കാട്ടിൽകളിക്കുകയായിരുന്നു കളിക്കുന്നതിനിടയ്ക്ക് ഒരു മരച്ചുവട്ടിലിരുന്ന് ഒരു കരടിക്കുട്ടൻ കരയുന്നുണ്ടായിരുന്നു അത് കുരങ്ങച്ചൻമാർ കണ്ടു അവർ ചോദിച്ചു എന്തിനാണ് ചങ്ങാതി കരയുന്നത്.കരടിക്കുട്ടൻ പറഞ്ഞു എന്നെ ആരും കളിക്കാൻ കൂട്ടുന്നില്ല.കുരങ്ങച്ചൻ പറഞ്ഞു അതിനെന്തിനാ ചങ്ങാതി കരയുന്നത് ഞങ്ങൾ ചങ്ങാതിയെ കളിക്കാൻ കൂട്ടാമല്ലോ കരയണ്ട. കരടിക്കുട്ടൻ അവരുടെകൂടെ കളിക്കാൻ പോയി അവർ പല പല കളികൾ കളിച്ചു. കുറച്ചുനേരം കഴിഞ്ഞപ്പോൾ കരടിക്കുട്ടൻ മടുത്തുകരടിക്കുട്ടൻ പറഞ്ഞു നമുക്ക് എന്റെ വീട്ടിൽപോയാലോ.കുരങ്ങച്ചൻമാർ പറഞ്ഞു ശരി നമുക്ക് പോകാം അങ്ങനെ അവർ കരടിക്കുട്ടന്റെ വീട്ടിലെത്തി. അവരെ കണ്ടപ്പോൾ കരടിക്കുട്ടന്റെ അച്ഛനും അമ്മയ്ക്കും സന്തോഷമായി കരടിക്കുട്ടന്റെ അമ്മഅവർക്ക് ഭക്ഷണം കൊടുത്തു കുരങ്ങച്ചൻമാർക്ക് അത് വളരെ സന്തോഷമായി.അവർ കരടിക്കുട്ട ന്റെ കൂടെ വീണ്ടും കളിച്ചു പിന്നീട് അവർ വീട്ടിലേക്ക് മടങ്ങി. അവിടെ നടന്ന കാര്യങ്ങൾ അവർ അമ്മയോടു അച്ഛനോടും പറഞ്ഞു അവർ മൂന്നുപേരും ഉറ്റ ചങ്ങാതിമാരായി നടന്നു.

അഖിന 6A

VectorStock
VectorStock.com/23603442

# ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ



**1929 ജൂൺ 12 ന് ജർമ്മനിയിൽ ഫ്രാങ്ക്ഫർട്ടിലെ ഒരു ജൂതകുടുംബത്തിൽ ഓട്ടോ ഫ്രാങ്കിന്റെയും എഡിത്ത് ഫ്രാങ്കിന്റെയും മകളായി ജനനം. സഹോദരി മാർഗരറ്റ് 1933 ഹോളണ്ടിലേക്ക കുടിയേറി. ഇന്ന് ആൻഫ്രാങ്ക് സ്കൂൾ എന്ന പേരിൽ അറിയപ്പെടുന്ന മോണ്ടിസോറി കിന്റർ ഗാർഡൻസ്കൂളിൽ 1934 ൽ പഠനമാരംഭിച്ചു.1941 ൽ ജൂയിഷ് സെക്കന്ററി സ്കൂളിൽ പ്രവേശനം തേടി.1942 ജൂൺ 14 മുതലുള്ള ഡയറിക്കുറിപ്പുകളാണ്ആനിനെലോകപ്രശസ്തയാക്കിയത്.രണ്ടാം ലോക മഹായുദ്ധകാലത്ത് ഒളിവിൽ കഴിയേണ്ടി വന്ന ഫ്രാങ്ക്കുടുംബം1944 ആഗസ്റ്റ്4 ന്അറസ്റ്റ്ചെയ്യപ്പെട്ടു.പോളണ്ടിലെ ഓഷ് വിട്സിലും ജർമ്മനിയിലെ ബെൽസനിലും യാതന**

അനുഭവിക്കേണ്ടി വന്നു.1945 ഈ ലോകത്തോട് വിടപറയുമ്പോൾ ആനിന് 14 തികഞ്ഞിരുന്നില്ല.


Ananya Haridas 9.A

# പ്രളയം



ഈ വർഷം നടന്ന സംഭവത്തെ കുറിച്ചാണ്-
ഞാൻ ഇവിടെ എഴുതുന്നത്. ഒരു വലിയ മഴവന്ന് എല്ലാവരുടെയും വീടുകളും വെള്ളത്തിൽ കുറെ പേർ ഒലിച്ചു പോയിഉരുൾപൊട്ടി അവരെ രക്ഷിക്കാൻ രക്ഷപ്രവർത്തക്കർ വന്നു അവരുടെ ജീവിതം തന്നെ ഇല്ലാതായി. കുറയെ കൃഷി നഷ്ട്പ്പെട്ടു .എത്രമനോഹരമായ വീടുകളും ഇല്ലാതായി. ഡാം തുറന്നു. ഡാമിന്റെ അടുത്തുണ്ടായാരുന്ന വീടുകൾവെള്ളത്തിലായി അവരുടെ അരി, ഗോതമ്പ് എന്നിങ്ങനെ പല പല സാധനങ്ങളും ഓലിച്ചു പോയി. റോഡിൽ വെള്ളം കയറി. അവർക്ക് നടന്നു പോകുവാൻ പോലും പാറ്റിയില്ല. അതിനാൽ ഇനിയൊരു പ്രളയംഉണ്ടാവതിരിക്കട്ടെ.

അർച്ചന ചന്ദ്രൻ



# അമ്മക്കിളി

പാറി നടക്കും അമ്മക്കിളി
എന്റെ സ്വന്തം അമ്മക്കിളി
തീറ്റ തേടും അമ്മക്കിളി
എനിക്ക് ഇഷ്ടമാണ് അമ്മക്കിളിയെ
പാറി നടക്കും അമ്മക്കിളി
നെൽകതിരുകൾ  ചുണ്ടിൽവെച്ച്
പാറിനടക്കും അമ്മക്കിളി

VISMAYA . V

7.A

# മിണ്ടാപ്രാണി

പണ്ട് പണ്ട് ഒരു രാജ്യത്ത് രാജാവും റാണിയും ഉണ്ടായിരുന്നു.
അവർക്ക്മക്കൾഉണ്ടായിരുന്നില്ല.അതുകൊണ്ട് റാണി ദുഃഖിതരായിരുന്നു. അങ്ങനെ കുറെ ദിവസങ്ങൾ കഴി ഞ്ഞു പോയി. ഒരു ദിവസം ഈ റാണി ഒരു അമ്മയാകാൻ പോവുകായയാണെന്ന് അറിഞ്ഞു. അപ്പോൾ ആ റാണി ഏറെ സന്തോഷിച്ചു. പിന്നീട് കുറെ ദിവസങ്ങൾ കഴിഞ്ഞു പോയി. ഒരുദിവസം ഈ റാണി രണ്ടു പെൺ മക്കൾക്ക് ജൻമം നൽകി. അതിൽ ഒരുക്കുട്ടിക്ക് സാംസാരിക്കാൻ കഴിയില്ല.പിന്നീട്അവർവളർന്നു.അതിൽഒരുകുട്ടിചീത്തക്കു ട്ടിയായിരുന്നു. ഒരു കുട്ടി നല്ല കുട്ടിയും ആയിരുന്നു. ഒരു ദിവസം രണ്ടു പേരുംകളിക്കുകയായിരുന്നു. അപ്പോൾ അവരുടെ ബോൾ ഒരു കുളത്തിൽ വീണു.അവിടെ തവള ഉണ്ടായിരുന്നു. ആ തവളയെ അവർക്ക് ഇഷ്ട്ടാമല്ല. അപ്പോൾ ആ തവള ബോളിനെ-എടുത്തു. കുട്ടികൾ ആ തവളയോട് ചോദിച്ചു. എനിക്ക്ബോൾ തരുമോ.തവള പറഞ്ഞു തരാം. ബോൾ കിട്ടിയ സന്തോഷത്തിൽ അവർ അച്ഛന്റെ അടുത്തേക്ക് ഓടിപോയി. അവർക്ക് സന്തോഷം ആയി.

ധനിഷ . വി.കെ

7 ബി

# കൂട്ടുകാർ

പണ്ട് പണ്ട് ഒരിടത്ത് ഒരു രാമൻ എന്ന് പേരുള്ള-ഒരു ഡ്രൈവർ ഉണ്ടായിരുന്നു. രാമന്റെ ബസ്സിൽ എ-പ്പോഴും ചിന്നുവും മിന്നുവും കേറുമായിരുന്നു. ഒരു ദി-വസം രാജു ഓടിക്കൊണ്ടുപോകുവായിരുന്നു. രാമൻ-വണ്ടി നിർത്തി. രാജുവിനോട് ചോദിച്ചു. കൂട്ടുക്കാര നീ-എങ്ങോട്ടാണ് പോകുന്നത്. രാജു പറഞ്ഞു. ഞാൻ ആ-ശുപത്രിവരെ. എന്താകാര്യം രാമൻ ചോദിച്ചു.രാജു പറഞ്ഞു.-അമ്മക്ക് സുഖമില്ല. രാമൻ പറഞ്ഞു. ചങ്ങാതി നമ്മുക്ക് വേഗം പോയി മരുന്നുവാങ്ങാം. വണ്ടിയിൽ കയറു. വേഗം പോകാം. ആശരി. ആശുപത്രിയിൽ എത്തി. മരുന്നു വാങ്ങാൻവരി നിന്നു. നല്ല തിരക്കായിരുന്നു. രാമൻ പോയി പറഞ്ഞു.വീട്ടിലൊരാൾക്ക് തിരെ വയ്യാ. പെട്ടെന്ന് ശ്വാസമുട്ടൽ വന്നതാ.വാ നമ്മുക്ക് പോകാം. ഞങ്ങൾ വണ്ടിയെടുത്തു പോയി.അവരെ രക്ഷിച്ചു.


ശ്രേയ .വി

# ഒരു കർഷകന്റെ അവസ്ഥ

പണ്ട് പണ്ട് ഒരിടത്ത് രണ്ട് പന്നികുട്ടൻമ്മാർ ഉണ്ടായിരുന്നു. അവർ എപ്പോഴും ഒരു കർഷകന്റെ തോട്ടത്തിൽ പോയി അവിടുത്തെ കൃഷികളെല്ലാംകുത്തി നശിപ്പിക്കുമായിരുന്നു . ഇതുകണ്ട് ആ കർഷകൻ വിഷമിച്ചു . ഒരു ദിവസം കൃഷക്കാരൻ പറഞ്ഞു എന്റെ കൃഷി പന്നികൾ നശിപ്പിച്ചു. എന്നാൽ പന്നികളെ ഒന്നിനേയും വെറുതെവിടുകയില്ല . അപ്പോൾ അടുത്തുനിന്നയാൾ പറഞ്ഞു അതുപാടില്ല. നമ്മൾ ഒരു മൃഗങ്ങളെയും ശല്യപ്പെടുത്തരുത് ഇതെല്ലാം പന്നികൾ കേൾക്കുന്നുണ്ടായിരുന്നു. പന്നികളിൽ ഒരു പന്നിപറഞ്ഞു അയാൾ പറഞ്ഞത് കേട്ടില്ലേ അയാൾക്ക് മൃഗങ്ങളോട് സ്നേഹമുള്ളത് കൊണ്ടല്ലേ അയാൾ അങ്ങനെ പറഞ്ഞ കൃഷികാരൻ വിഷമിച്ചു നിൽക്കുമ്പോൾ അതുവഴി വന്ന ഒരാൾ അയാളോട് ചോദിച്ചു എന്താണ് പറ്റിയത്. എന്താണ് മുഖം വല്ലാതിരിക്കുന്നത് കൃഷക്കാരൻ പറഞ്ഞു എന്റെ കൃഷി പന്നികൾ നശിപ്പിച്ചു. എന്നാൽ പന്നികളെ ഒന്നിനേയും വെറുതെവിടുകയില്ല . അപ്പോൾ അടുത്തുനിന്നയാൾ പറഞ്ഞു അതുപാടില്ല. നമ്മൾ ഒരു മൃഗങ്ങളെയും ശല്ല്യപ്പെടുത്തരുത് ഇതെല്ലാം പന്നികൾ കേൾക്കുന്നുണ്ടായിരുന്നു. പന്നികളിൽ ഒരു പന്നിപറഞ്ഞു അയാൾ പറഞ്ഞത് കേട്ടില്ലേ അയാൾക്ക് മൃഗങ്ങളോട് സ്നേഹമുള്ളത് കൊണ്ടല്ലേ അയാൾ അങ്ങനെ പറഞ്ഞത്. അങ്ങനെ പറഞ്ഞുകൊണ്ട് അവർ ആ തോട്ടത്തിൽ നിന്നും പോയി പിന്നിട് അവർ അവിടേക്ക് വന്നിട്ടില്ല.

പിന്നീട് കർഷകൻ സുഗമായി ജീവിച്ചു......................

അതുല്യ 9. A



# കുയിലും
# കുട്ടിയും

കുയിൽ പാടും നേരത്ത്
മയിലുണ്ട് കൊമ്പത്ത്
മയിലാട്ടം കാണാനായി
മുയലുണ്ട് താഴത്ത്,
തിത്തിത്തെയ് പാടനായി
ഞാനുണ്ടേയരികത്ത്
കണ്ടില്ലേ, അഴകുള്ള
മഴവില്ല് മാനത്ത് !

# പൂവിന്റെ സങ്കടം(അർച്ചന സി.ബി)

ഒരിടത്ത് ഒരിടത്ത് ഒരു സുന്ദരിയും സുമുഗിയുമായ ഒരു കുഞ്ഞുണ്ടായിരുന്നു. നാടിന്റെ രാജാവായ ജീൻസ്റ്റന്റെയും പക്ഷി ആൽമിയയുടെയും മകളായിരുന്നു അവൾ. അവൾക്ക് ചെറുപ്പത്തിൽ തന്നെ പൂക്കളോടും പക്ഷികളോടും സംസാരിക്കാനുള്ള കഴിവ് ഊണ്ടായിരുന്നു അതിനാൽ തന്നെ ഒരു പണ്ഡിതൻ അവളെ അജിസ്റ്റൺ എന്നു വിളിച്ചു. വളരെ പെട്ടന്ന് അവൾവളർന്നു. കൗമാര കാലഘട്ടത്തിലെത്തി. അങ്ങനെ അവളുടെ സ്കൂളിൽ നിന്ന് ഒരു യാത്ര പോകാൻ തീരുമാനിച്ചു.

അവർ വളരെ ആഹ്ളാദത്തോടെ യാത്ര പോയി തിരിച്ചുവന്നപ്പോഴാണ് അവൾ അത് കണ്ടത്.അവൾ അവളുടെ വീട്ടിൽ അവൾക്കായി ഒരുപൂത്തോട്ടം നിർമ്മിച്ചിരുന്നു യാത്ര കഴിഞ്ഞ് വന്നപ്പോൾ അവളുടെ പൂക്കളൊക്കെ ഉണങ്ങിപ്പോയിരുന്നു. അത് കണ്ടപ്പോൾ അവൾക്ക് വിഷമമായി. അവൾ പൂന്തോട്ടത്തിലേക്ക് ഓടി പോയി. അവിടെ ഒരു ചെടി മാത്രം കരഞ്ഞു കൊണ്ട് നിൽപ്പുണ്ടായിരുന്നു. ആ പൂവ് അവളോട് സംസാരിക്കാൻ തുടങ്ങി :എന്റെ കൂട്ടുക്കാരെയെല്ലാം ഒരു ഭയങ്കരനായ കാറ്റ് വന്ന് പറിച്ചെടുത്ത് പോയി. പിന്നെ ഞാൻ മാത്രമായി. ഞാൻ ഇനി എന്ത്ചെയ്യും ഞാൻഇനി ജീവിക്കുന്നില്ല.അതുംപറഞ്ഞ്ആകുഞ്ഞി പൂവ് വീണ്ടും കരയാൻ തുടങ്ങി അപ്പോൾ ആ കുട്ടി പറഞ്ഞു കരയരുത് നിനക്ക് ഇനിയുംജീവിക്കാംഇതുകേട്ട കുഞ്ഞിപ്പൂവിന് കുറച്ച് ആത്മവിശ്വാസം കിട്ടിയത്പോലെ തോന്നി.

പിന്നീട് എല്ലാ ദിവസവും അവൾ ആപ്പൂവിന് വെള്ളം ഒഴിച്ചു കൊടുത്തു.പിന്നീട് അത് വളർന്ന് വളന്ന് വലിയ ചെടിയായി മാറി.



# പുലരി

കിരണങ്ങളായിരം വിരിയുന്നിതാ
ഇരുളിൽ വെളിച്ചം വിരിക്കുന്നിതാ
ഇറയത്ത് പൊൻവെയിൽ ചൊരിയുന്നിതാ
നിറമുള്ള പൂക്കൾ ചിരിക്കുന്നിതാ
പുഴകൾ ദൂരേക്കൊഴുകുന്നിതാ
കാർമേഘം വിട്ടകലുന്നിതാ
നമ്മയുടെ ലോകം ഉണരുന്നിതാ!!!!!!!!

സൂദുല
9.B

പൂക്കോട്

# ചന്ദനമരത്തിന്റെ സങ്കടവും മഞ്ഞൾ ചെച്ചടിയുടെ സന്തോഷവും

ഒരു നിഗൂഢ വനത്തിൽ ഒരു ചന്ദനമരവും മഞ്ഞൾച്ചെടിയും ഉണ്ടായിരുന്നു.അവർ ഇരുവരും പരസ്പരം ശത്രുക്കളായിരുന്നു.ചന്ദനമരം എപ്പോഴും പറയും ഞാനാണ് ഈ വനത്തിൽ സുഗന്ധം പരത്തുന്നത് നീ വെറുമൊരു ചെടിയാണ് അതുകൊണ്ടുതന്നെ നിന്നെ കാണാൻ ഒരു ഭംഗിയുമില്ല.മഞ്ഞൾച്ചെടിയും അതിന് വിപരീതമായി ഇങ്ങനെ പറയുന്നു;ഞാനാണ്സുഗന്ധവ്യഞ്ജനങ്ങളുടെറാണി.എന്നെക്കൊണ്ടുപോകുവ ◌ാനാണ് ഈ ലോകത്തിലെ മനുഷ്യർ വരുന്നത് ഇവരുടെ ഈ വഴക്കുകാരണം അവിടെയുള്ള ജന്തുജീവികൾ ക്ക്ജീവിക്കാൻകഴിയുന്നില്ല.അവരുടെ വഴക്ക് കാരണം പൂമ്പാറ്റകളും തുമ്പികളുമൊന്നും തന്നെ അവിടേക്ക് വരാറില്ലായിരുന്നു.അങ്ങനെ ദിവസങ്ങൾ കഴിഞ്ഞുപോയി.ഒരു ദിവസം ഇവർ വഴക്ക് കൂടിക്കൊണ്ടിരിക്കുമ്പോൾ  വനത്തിലേക്ക് കുറെ ആളുകൾ വന്നു അവർ വന്നത് ചന്ദനമരത്തെ മുറിച്ചുകൊണ്ടുപോകാനാണ്.ഇതുകണ്ടപ്പോൾ മഞ്ഞൾച്ചെടിക്ക് ഭയം തോന്നി അവർ പരസ്പരം മിണ്ടാതിരുന്നു അവർ വന്ന് ചന്ദനമരത്തെ മുറിച്ചു കൊണ്ടുപോയി.മഞ്ഞൾച്ചെടി മനസ്സിൽ പറഞ്ഞു ഇനിയും ഞാൻ ഇങ്ങനെ തുടർന്നാൽഞാനും ഇതേ അവസ്ഥയിലാകും.അന്നുമുതൽ മഞ്ഞൾച്ചെടി എല്ലാവരോടും നല്ല സ്നേഹത്തിലും മറ്റുള്ളവരെ സഹായിക്കാനും തുടങ്ങി.

***NIMMI K.B***

# സുന്ദരിപ്പൂമ്പാറ്റയുംകുഞ്ഞിക്കിളിയും

ഒരിടത്ത് ഒരു സുന്ദരിപ്പൂമ്പാറ്റയും ഒരു കുഞ്ഞിക്കിളിയും ഉണ്ടായിരുന്നു. അവർഉറ്റചങ്ങാതിമാരായിരുന്നു. ഒരുദിവസം കുഞ്ഞിക്കിളി കൂടുപണിയാൻ ചുള്ളിക്കമ്പുകൾ ശേഖരിക്കാൻ കാട്ടിലേക്ക് പോയി. എവിടെയും ഒറ്റ ചുള്ളിക്കമ്പുപോലും കാണാനില്ല. അവൾ ക്ഷീണിച്ച് വിഷമിച്ച് ഒരു മരക്കൊമ്പിൽ ഇരുന്നു. അതുവഴി വന്ന സുന്ദരിപ്പൂമ്പാറ്റയോട് അവൾ കാര്യംപറഞ്ഞു.

സുന്ദരി കുഞ്ഞിക്കിളിയെ അടുത്തുള്ള ഒരുകാട്ടിലേക്ക് കൂട്ടിക്കൊണ്ടു പോയി. അവിടെ നിറയെ ചുള്ളിക്കമ്പുകൾ . കുഞ്ഞിക്കിളിക്ക് വളരെ സന്തോഷമായി. അവൾ തനിക്ക് കൂടുപണിയാൻ ആവശ്യമായ ചുള്ളിക്കമ്പുകൾ എടുത്തു. പിന്നെ കുറെ പഴങ്ങളും അവൾക്ക് കിട്ടി അങ്ങനെ, സുന്ദരിപ്പൂമ്പാറ്റയും കുഞ്ഞക്കിളിയും സന്തോഷത്തോടെ വീട്ടലേക്ക് മടങ്ങി......

*RAJISHMA RAJ*
*ANAGHA P.C*


# മനോഹരമായ പുഴ

എന്റെ പുഴ മാനോഹരമായിരുന്നു എന്റെ
നാട്ടിൽ പുഴകളും കുന്നുകളും ഉണ്ടായിരുന്നു
പുഴയിൽ നിന്നുള്ള ആ മാനോഹരമായ
വെള്ളത്തിന്റെ ശബ്ദം
എന്നും കേൾക്കുമായിരുന്നു. അപ്പോൾ
പാട്ടിന്റെ സ്വരമാണ് തോന്നുന്നത്.
എന്തു ഭംഗിയാണ് അത് കേൾക്കാൻ
പുഴയിൽ മീനുകളും മറ്റു ജന്തുജലങ്ങൾ
പുഴയിൽ ഉണ്ടായിരുന്നു . കൊച്ചുകുട്ടികൾ
പുഴയിൽ കളിക്കുന്നത്
കണ്ണാൻ എന്തു രസമാണ്

RANJITHA

***9A***

# ചട്ടമ്പിസ്വാമികൾ




1853 ഓഗസ്റ്റ് 25 ന് തിരുവനന്തപുരം ജില്ലയിലെ കണ്ണമൂലയിൽ ജനിച്ചു.കുഞ്ഞൻപിള്ള എന്നായിരുന്നു വിളിപ്പേര്.ശരിയായ പേര് അയ്യപ്പൻ എന്നും. കുടിപ്പള്ളിക്കൂടത്തിൽ പടിക്കവേ ക്ലാസ് ലീഡർ എന്ന അർഥത്തിൽ ചട്ടമ്പി എന്ന പേരീ ലഭിച്ചു.തൈക്കാട് അയ്യാഗുരു,സ്വാമിനാഥ ദേശികൾ എന്നിവരില നിന്ന് ഹടയോഗവുംതമിഴ്വേദാന്തവുംപഠിച്ചു.ശ്രീനാരായണഗുരുവിന്റെ അടുത്ത സുഹ്രത്തായിരുന്നു.സാമൂഹികമായ ഉച്ചനീചത്വങ്ങൾ ക്കെതിരെ അധ്യാത്മികമായ രീതിയിൽ പോരാടി.*അവർണർക്കും വേദം പടിക്കാമെന്ന് സ്ഥാപിച്ചുകൊണ്ട്സ്വാമികള്എഴുതിയവേദാധികാരനിംപ്രശസ്തമാണ്.*

*1924 മേയ് 5 ന് പന്മനയിൽ സമാധിയായി. .*

# ഏബ്രഹാം ലിങ്കൺ

അമേരിക്കയിലെ കെന്റക്കിയിൽ ഹോഡ്ജൻ വില്ലയ്ക്ക് സമീപം ലാറ്വ എന്നറിയപ്പെടുന്ന സ്ഥലത്താണ് എബ്രഹാംലിങ്കന്റെജനനം.പ്രകൃതിരമണീയമായിരുന്ന കെന്റക്കി സംസ്ഥാനം.തോമസ് ലിങ്കന്റെയും നാൻസി ഹാങ്കസിന്റെയും രണ്ടാമത്തെ പുത്രനായി പിറന്നു.ഒരുകൊച്ചുമരക്കുടിലിലായിരുന്നു അവരുടെ താമസം.



ഒരു മുറിയും ഒരു വാതിലും മാത്രമേ ആ വീടിന് ഉണ്ടായിരുന്നുള്ളു ജനലുകൾ ഉണ്ടായിരുന്നില്ല.കാറ്റിനും മഞ്ഞിനും പോലും ആ വീട്ടിലേക്കു യഥേഷ്ടം കടന്നു ചെല്ലാമായിരുന്നു. തോമസ് ലിങ്കന്റെ പ്രധാന തൊഴിൽ കൃഷിയും മരപ്പണിയുമായിരുന്നു കൂട്ടത്തിൽ നായാട്ടിനും പോകും.തോമസ് ലിങ്കന്റെ ആദ്യത്തെ പെൺകുട്ടിയാണ് സാറ.സാറ ജനിച്ച രണ്ടു വർഷത്തി ന്ശേഷമാണ്എബ്രഹാം ജനിച്ചത്. ഒരു കുഞ്ഞനിയൻ കൂടി പിറന്നെങ്കിലും താമസിയാതെ മരിച്ചുപോയി. തോമസ് ലിങ്കന് എഴുത്തും വായനയും തെല്ലും വശമില്ലായിരുന്നു.

ANJALI

9 A

# ഇടശ്ശേരി ഗോവിന്ദൻനായർ



**1906 ൽ പൊന്നാനിയിൽ ജനിച്ചു കുട്ടികൃഷി,പു- ത്തൻകലവും അരിവാളും, കാവിലെപാട്ട്,പൂതപ്പാട്ട്- ഒരുപിടിനെല്ലിക്ക, അന്തിത്തിരി, കറുത്തചെട്ടിച്ചികൾ- എന്നിവ പ്രധാന കൃതികൾ. മലബാറിലെ കേന്ദ്ര ക- ലസാമിതിയുടെ പ്രസിഡന്റ്, സാഹിത്യപ്രവർത്തക- സഹകരണസംഘം ഡയറക്ടർ എന്നിനിലകളിൽ- പ്രവർത്തിച്ചു. കേന്ദ്ര സാഹിത്യ അക്കാദമി പുര- സ്കാരം,കേരള സാഹിത്യ അക്കാദമി അവാർഡ് ,- ആശാൻ സമ്മാനം എന്നിവ ലഭിച്ചിറ്റുണ്ട്.1974 ൽ- *അന്തരിച്ചു.***

# മദർ തെരേസ



അനന്ത വിശാലമായ സാഗരം പോലെ വ്യാപിച്ചുകിടക്കുന്ന കൽക്കത്ത നഗരംഒരു പുതിയ പുലരിക്കുടി നാന്ദി കുറിച്ചുകൊണ്ട് കിഴക്കെ മാനത്ത് പൊൻ വെളിച്ചത്തിന്റെ തിളക്കം.

കൊടും ശൈത്യത്തിന്റെ ആലസ്യത്തിൽ നിന്നും ഇനിയും തേവാരങ്ങൾ ഉണർന്നിട്ടില്ല.ലോവർ സർക്കുലർ റോഡിലെ നിർമ്മൽ ശിശൂഭവനു മുമ്പിൽ പെട്ടെന്നൊരു സൈക്കിൾ റിക്ഷ വന്നുനിന്നു. അതിൽനിന്നു മാറത്തടുക്കിപ്പിടിച്ച ഒരു കുട്ടിയുമായി ഒരു യുവതി ഇറങ്ങി.അവരുടെ കണ്ണുകളിൽ വിഷാദം ഒരു കടൽപോ കനത്തു കിടന്നു അമർത്തിയ തേങ്ങലോടെ ,വിതുമ്പുന്ന ചുണ്ടുകളോടെ,ആസന്നമായ ഒരു കനത്ത വേർപാടിന്റെ വേദ-നയോടെ അവർ ശിശുഭവന്റെ വരാന്തയിലെത്തി. പിന്നെ മണിയടിച്ചു.നിമിഷങ്ങൾക്കകം ഒരു സിസ്റ്റർ ഇറങ്ങി വന്നു.വെള്ളയിൽ നീലവരകളുള്ള സാരിയുടുത്ത സിസ്റ്റർ.

സിസ്റ്റർ ഒരു നിമിഷം ആ യുവതിയെത്തന്നെ നോക്കിനിന്നു.ആ മാറത്ത് തളർന്ന് അവശയായ ഒരു കുട്ടി കിടക്കുന്നു.

ഒറ്റ നോട്ടത്തിൽത്തന്നെ ഒരു രോഗിയാണെന്നു മനസ്സിലാക്കാം.

കുഴിഞ്ഞ കണ്ണുകൾ,മെലിഞ്ഞ് ഒട്ടിയ കവിൾ തടങ്ങൾഅവർ സിസ്റ്ററോട് പറഞ്ഞു.ഈ കുട്ടി ജന്മനാ രോഗിയാണ്.

നട്ടെല്ലിനും ഞരമ്പിനും രോഗമാണ്.രണ്ട് വർഷം മുൻപ് ഭർത്താവ് മരിച്ചു.

കുട്ടിയെ സംരക്ഷിക്കാൻ നിവൃത്തിയില്ല.ചികിത്സ നടത്താൻ പണമില്ല..........

വരൂ സിസ്റ്റർ അവളെ അകത്തേക്ക് ക്ഷണിച്ചു.

*അങ്ങനെ കുഞ്ഞിനേയും സിസ്റ്റർ ശിശുഭവനത്തിലെ ഒരംഗമാക്കി.*

# ഒരു സുന്ദരിയായ രാജകുമാരി

ഒരിടത്ത് ഒരു രാജവും റാണിയും താമസിച്ചിരിന്നു ഏറെ വർഷങ്ങളയിട്ടും അവർക്ക് കുഞ്ഞുങ്ങൾ ഉണ്ടയിരുന്നില്ല. വർഷങ്ങൾ നിണ്ടുപ്പോയി അവർക്ക് ഒരു കുഞ്ഞു ഉണ്ടായി.അവളുടെ പിറന്നൾ ആഘോഷിക്കുന്ന വേളയിൽ 12 ദേവതകൾ വന്ന് ആഘോഷിച്ചു.അവർ അവൾക്ക് സൂഫി എന്ന് പേരിട്ടു. അവൾ വലുതയി ഒരു ദിവസം കട്ടിലൂടെ നടന്നു പേകുകയായിരുന്നു.അവൾ ഒരു ചെറിയ വിട് കണ്ടു അവൾ ആ വിടിനുള്ളിലേക്ക് കയറി അവിടെ ഒരു മുത്തശ്ശി ഉണ്ടയിരുന്നു പാവം മുത്തശ്ശിക്കിടക്കുകയായിരുന്നു ആ മുത്തശ്ശി ഭഷണമൊന്നുംകഴിച്ചിട്ടില്യിരുന്നു അവൾ മുത്തശ്ശിക്ക് ഭഷണം കെടുത്തുമുത്തശ്ശി അവളെട് പറഞ്ഞു മകളെ നിന്നക്ക് നന്നിയുണ്ട്.എനിക്ക് ഭഷണം അരും എടുത്ത് തന്നില്ലയിരുന്നു അവൾ പറഞ്ഞു അത് സരമില്ല ഞാൻ എടുത്തു തന്നില്ലെ ഭഷണം ആ. എനൽ ഞാൻ പോകട്ടേ എന്ന് പറഞ്ഞ് അവൾ കോട്ടരത്തില്ലേക്ക് പോയി.

അനഘ ഇ.ബി

# *സഹായം*

കുരങ്ങൻമാർ മരത്തിൽ കളികുകയായിരുന്നു. അപ്പോൾ അവിടെ ഒരു വിളി രക്ഷിക്കണേ എന്ന് നിലവിളിക്കുന്നതുകേൾക്കുന്നു.അപ്പോൾ അവർ ഓടിപോയി ആരാണ് നിലവിളിക്കുന്നതു . ഇവിടെയെങ്ങ‍ും ആരെയും കാണുന്നില്ലല്ലോ? അതാ ഒരു കുരങ്ങൻ. അവർ അതിനെരക്ഷിക്കാൻ ശ്രമിച്ചു. പക്ഷേ, അവർക്ക് പറ്റിയില്ല. പിന്നെ ആ കുഴിയിൽ വീണുകിടക്കുന്ന കുരങ്ങന് സങ്കടമായി. അപ്പോൾ അവർ ഒരു കാര്യം ചെയ്തു.കുറുക്കചെര വീട്ടി ലേക്ക് നേരെ ഓ കു റു ക്കചെരൻ വീട്ടിലെത്തി. കുറു- ക്കചെരൻ പു റത്ത് നിൽക്കുകയായിരുന്നു. വേ പോയി കുറു - ക്കചെരനോ പറ പാവം ഒരു കുരങ്ങൻ കുഴിയിൽ വീണുകിടക്കുകയാണ് ആ കുരങ്ങനെ രക്ഷികണം എന്നു പറ കുറുക്കച്ചനും കുരങ്ങൻമാരും കൂടി അങ്ങോട്ട് പോയി .*കുറുക്കച്ചനും രക്ഷിക്കാൻ പക്ഷെ കഴിഞ്ഞി ല്ല. അപ്പോൾ കുറുക്കച്ചൻ പറഞ്ഞു. നമ്മുക്ക് ആന ചേട്ടനെ വിളിക്കാ०.ആന ചേട്ടന് നല്ലബുദ്ധിയും ആ നമ്മുക്ക് ആന ചേട്ടനെതന്നെ വിളിക്കാം അങ്ങനെ ആനചേട്ടനെ വരുത്തി കാര്യം സംസാരിച്ചു. അപ്പോൾ ആ ചേട്ടൻ പറഞ്ഞു.എൻെറ കൈയ്യിലൊരു*


സൂത്രം അതുവെച്ച് കുരങ്ങനെ രക്ഷിക്കാം അപ്പോൾ ആന ചേ

***ട്ടന്റെ തുമ്പി കൈകൊണ്ട് രക്ഷിച്ചു. അപ്പോൾ എല്ലാവർക്കും സന്തോഷമായി.***

# രാജാവിന്റെ ഭക്ഷണം

ഒരു ദിവസം ഒരു കാണ്ടാമൃഗം സിംഹരാജാവിനെ കണ്ടു ഒട്ടിയ വയറുമായി പതുക്കെപ്പതുക്കെ നിങ്ങുകയായിരുന്നു സിംഹരാജാവ്. അതു കണ്ടപ്പോൾ കാണ്ടാമൃഗം ചോദിച്ചു. പ്രഭോ, അങ്ങ് വളരെ അവശനാണല്ലോ. പ്രത്യേകിച്ച് അസുഖം വല്ലതും. അതുകേട്ട് സിംഹരാജാവ് പറഞ്ഞു ഏയ്.... അസുഖമൊന്നുമില്ല. മൂന്നു നാലു ദിവസമായി ഭക്ഷണം കഴിച്ചിട്ട്. അതുകൊണ്ടുള്ള തളർച്ചയാണ് ഇരതേടാൻ പോലും പറ്റുന്നില്ല അതുകേട്ട് കാണ്ടാമൃഗം അദ്ഭുതപ്പെട്ടു പ്രഭോ അങ്ങ് മൃഗങ്ങളുടെയെല്ലാം രാജാവല്ലേ. എന്നിട്ടും ഭക്ഷണത്തിനുവേണ്ടി അലയുന്നു......പട്ടിണി കിടക്കുന്നു. രാജാവേഅങ്ങേക്ക് ഭക്ഷണം കൊണ്ടുവരാൻ ആരുമില്ലേ. കുറേ ഭടൻമാർ അങ്ങേക്കുള്ളതല്ലെ പിന്നെ എന്തിനാണ് അങ്ങ് ഇങ്ങനെ വിശന്ന് അലയുന്നത് ഒരു ഭടനോട് പറഞ്ഞാൽ പോരെ. അവരൊന്നും ഇവിടെ ഇല്ല എന്നിൽ നിന്നും പോയി, അതുകൊണ്ട് ഞാൻ ഒറ്റക്കാണ്. വിഷമിക്കേണ്ട ഞാൻ രാജാവിന് ഭടൻമാരെ എത്തിക്കാം എന്ന് പറഞ്ഞ് കാണ്ടാമൃഗം പുറത്തേക്ക് ഇറങ്ങി നടന്നു. പിറ്റേ ദിവസം കാണ്ടാമൃഗം രാജാവിനുവേണ്ടി ഭടൻമാരെ എത്തിച്ചു പിന്നിട് രാജാവിന് ഭക്ഷണത്തിനുവേണ്ടി അലയേണ്ടി വന്നില്ല. രാജാവിനും കാണ്ടാമൃഗത്തിന് സന്തോഷമായിരാജാവ് കാണ്ടാമൃഗത്തിനെ തന്റെ കൊട്ടാരത്തിൽ കൊണ്ടുപോയി വലിയ സൽക്കാരംതന്നെ കൊടുത്തു കാണ്ടാമൃഗത്തിനെ രാജാവ് തന്റെ മന്ത്രിയായി പതവിയും നൽകി ഇരുവർക്കും സന്തോഷമായി.

<u>അനശ്വര ദാസ്</u>



# എന്റെ പുഴ

പുഴയെ നീ ഒഴുകുന്നു

എങ്ങോട്ടാണീ ഈ ഒഴുക്കും

എപ്പോഴാണ് നീ എൻ അരികിൽ

എത്തുന്നത് പുഴയെ നീ ഒഴുകുന്നു

താളം തെറ്റി ഒഴുകുന്നു

ഞാനില്ലാതെ നീ എങ്ങനെ

തനിയെ ഒഴുകുന്നു.....

നീ ചൊരിയും ഗാനമിതാ

വാനിൽ പടരുന്നു.........

അമൃത എൻ. എം

*IX.A*

# എന്റെ പ്രകൃതി

എന്റെ പ്രകൃതി എന്റെ പ്രകൃതി
വിജയത്തിലാഴുന്ന എന്റെ പ്രകൃതി........
മണ്ണിലായി ജീവിക്കും എന്റെ പ്രകൃതി........
എന്നും മെന്നും ഞാൻ വഴങ്ങും എന്റെ പ്രകൃതി........
കളകളം ഒഴുകുന്ന എന്റെ പ്രകൃതി സലിലമായി
വാഴുന്ന എന്റെ പ്രകൃതി........
ഞാൻ വാഴ്ത്തും എന്റെ പ്രകൃതി........,
പൂവിൽ വിടരുന്ന സുഗന്ധ പുഷ്പങ്ങൾ
എന്നും എന്നും വാസന വിടർത്തുന്നു
എന്റെ പ്രകൃതിയെ..........അരുവികളാൽ
ഒഴുകുന്ന എന്റെ പ്രകൃതി...............

രാഹുൽ രാജ്.K
നന്ദന.V



# അയ്യങ്കാളി

*1863 ഓഗസ്റ്റ് 28-ന് വെങ്ങാനൂരിൽ അയ്യൻപുലയന്റെയും മാലയുടെയും മകനായി ജനിച്ചു. കീഴാളരുടെ മോചനത്തിനുവേണ്ടി പോരാടിയ നവോത്ഥാന നായകൻ. 1893-ൽ വില്ലുവണ്ടിയിൽ പൊതുവഴിയിലൂടെ സഞ്ചരിച്ച് പ്രതിഷേധസമരം നടത്തി. 1907-ൽ സാധുജന പരിപാലന സംഘം രൂപവത്കരിച്ചു. സവർണ മേൽക്കോയ്മയ്ക്ക് കീഴിൽ ദളിതർ അനുഭവിച്ച പീഡനങ്ങൾ അനസാനിപ്പിക്കാൻ ശക്തമായി പോരാടി. 1941 ജൂൺ 18- ന് അന്തരിച്ചു.*

# ആൽ മുത്തശ്ശി കഥ

ഒരിടത്ത് ഒരു ആൽ മുത്തശ്ശി ഉണ്ടായിരുന്നു. ആൽമുത്തശ്ശിക്ക് ഒരു വിഷമമുണ്ടായിരുന്നു. ആൽ മരത്തിലേക്ക് ആരും വരുന്നില്ല.പക്ഷികളോ മൃഗങ്ങളോ കുട്ടികളോ ആരും തന്നെ വരുന്നില്ല. ആൽ മുത്തശ്ശി കുറെദിവസം കാത്തു. ഒരു ദിവസം കുറെ കുട്ടികൾ വന്നു കളിക്കുന്നത് കണ്ടു. ആൽ മരത്തിലേക്ക് കുറെ പക്ഷികളും മൃഗങ്ങളും വന്നു. ആൽ മുത്തശ്ശിക്ക് സന്തോഷമായി. ആൽ മുത്തശ്ശി വിചാരിച്ചിരുന്നില്ല ഇത്രയും കുട്ടികളും മൃഗങ്ങളും വരുമെന്ന്. ആൽ മരത്തിന് സന്തോഷമായി.

അയന .ഹരി

*6 ബി*

# അപ്പുവിന്റെ പക്ഷിനോട്ടം

ഒരു ദിവസം അപ്പു സ്കൂൾ വിട്ട് വരുകയായരുന്നു. പെട്ടന്ന് പ്ലാവിന്റെ ചുവട്ടിലെത്തിയപോൾ നിന്നു. നോക്കുമ്പോൾ ഒരു മൈന പറക്കാൻ പറ്റാതെകിടക്കുന്നു അപ്പു പെട്ടന്ന് മൈനയെ എടുത്തുഎന്നിട്ട് വീട്ടിൽ കൊണ്ടുപോയി. ഒരുക്കൂട്ടിലിട്ട് അവൻ വേഗം പോയി അമ്മയോട് പറഞ്ഞു. അവനോട് അമ്മ പഞ്ഞു നീ വേഗം പോയി മൈനക്ക്



കൊടുക്കാൻ വല്ലതും കൊടുക്ക്. അപ്പുവേഗം പോയിട്ട് അപ്പു വേഗം പയി യൂണിഫോം മാറ്റിയ ശേഷം വന്നു. എന്നിട്ട് അപ്പു മൈനക്ക് ഭക്ഷണം കോടുത്തു , അത് മൈന കഴിച്ചില്ല . അമ്മ അവനോട് പറഞ്ഞു നീ ആമൈനയെ എവടെയെങ്കിലും കൊണ്ടുപോയി പറത്തിവിട്ടിട്ട് വരൂ. അപ്പു പറഞ്ഞു ഞാൻ ഇതിനെ ആറക്കും കൊടുക്കുകയുമില്ല പറത്തി വിടുകയമില്ല. എനിക്ക് ഇതിനെ വളർത്തണം. അതുകേട്ട് മൈന വിഷമിച്ചിരുന്നു. കൂട്ടിനുള്ളിൽ നിന്നും പറക്കാൻ ശ്രമിച്ചു. പക്ഷേ പറ്റിയല്ല. അങ്ങനെ പറ്റേ ദിവസം അവൻ സ്കൂളിൽ പോയി. തിരച്ച് വരുമ്പോഴേക്കും പക്ഷയെ കാണാനില്ല. അമ്മയോട് ചോദിച്ചപോൾ അമ്മ പറഞ്ഞു , ഞാൻ ആ പക്ഷിയെ പറത്തി വട്ടു അതിനു പറക്കാൻ കഴിയുമയിറന്നു. ആപക്ഷികൂട്ടിൽ നിന്ന് പറക്കാൻ

***ശ്രമിച്ചു അപ്പോൾ എനിക്ക് സങ്കടമായി  അതുകൊണ്ടു ഞാൻ അതിനെ പറത്തിവട്ടു. എനിക്കു നിന്നെ കാണാതെ പോയാൽ എത്രമാത്രം സങ്കടം ഉണ്ടാവും  അപ്പോൾ ഒന്നു ഓർത്തു നോക്കു   ആ മൈനയുടെ അമ്മ എത്ര വിഷമിച്ചരിക്കും അതുക്കൊണ്ട്  മോൻ  വിഷമിക്കേണ്ട. അപ്പു കുറെ ആലോചിച്ചു .   അമ്മ പറഞ്ഞത് എത്ര ശരിയാണ്. ഇനി  ഞാൻ പക്ഷികളെയൊന്നുംപിടിച്ച്  അവരുടെ സ്വാതന്ത്ര്യം ഇല്ലാതാക്കാൻ ശ്രമിക്കുല്ല.  അങ്ങനെ അപ്പു  അമ്മക്ക് വാക്കു കൊടുത്തു.***

***Abisha babu***




# മുത്തച്ഛനും, പ്രകൃതിയും, അപ്പുവും

ഒരിടത്ത് ഒരു വീട്ടിൽ മുത്തച്ഛനും ഒരു കുട്ടിയും ഉണ്ടായിരുന്നു. കുട്ടി ഒരു ദിവസം മുത്തച്ഛനോട് ചോദിച്ചു. " എനിക്കൊരു കഥ പറഞ്ഞുതരുമോ " പിന്നെന്ത ഞാൻ പറഞ്ഞുതരാമല്ലോ. നമ്മുടെ ഈ പ്രകൃതിയിൽ എന്തൊക്കെയുണ്ടെന്ന് അപ്പുവിന് അറിയാമോ, ആ അറിയാം. ഇതെല്ലാം ഉണ്ടായത് എങ്ങനെയാണെന്ന് അറിയുമോ, ഇല്ല. ഈ കല്ലുകൾ ഉണ്ടായത് ആദ്യം വലിയ പർവതങ്ങളായിരുന്നു. ഇത് പൊടിഞ്ഞാണ് കല്ലുകളും മണ്ണും ഒക്കെയുണ്ടായത്. പിന്നെ പക്ഷികളുണ്ടായി മൃഗങ്ങളുണ്ടായി അങ്ങനെ ഈ പ്രകൃതിയിലെ എല്ലവസ്തുക്കളും ഉണ്ടായി. അപ്പുവിന് ഈ കഥ വളരെ ഇഷ്ടമായി.

മിഥുന. സി ജെ

# തൂവൽ

ഉള്ളിലൊരു  തൂവലുണ്ടൊരു നീലക്കിളിയുടെ
കണ്ണീരു വീണ നനഞ്ഞ തൂവൽ
തൂവലെൻ ചോരയിൽ  മുങ്ങികുളിച്ചൊരു
വേദനപ്പാട്ട് മുഖത്തെഴുതി  പിന്നേതോ കാറ്റിൽ
പറന്നു പോയി പിന്നെ
ഞാൻ ഒറ്റക്കിരുന്നു
തേങ്ങി.
എന്തിനു നീ എന്നെ
തനിച്ചാക്കി
ഇനി ഞാൻ  മാത്രം
എന്തിനു ബാക്കി.



shutterstock.com • 1043853754

അനുപ്രിയ  എം. ആർ

IX-A

# ചക്കരപ്പാടം

## വായനക്കുറിപ്പ്

1978 മാർച്ച് 31 ന്  കോഴിക്കോട് ജില്ലയിൽ-
ജനിച്ചു. അച്ഛൻ  പി.എം ഭാസ്കാരൻ. അമ്മ  ന-
ളിനി. ഈ കഥ എനിക്ക്  വളരെഇഷ്ടമാണ്.
ഈ  കഥയിൽ പ്രകൃതിയെ  ഇല്ലാതാക്കുന്ന-
തിനെക്കുറിച്ചാണ്. ഞാൻ  വായിച്ചാതിൽ-
മറാക്കാൻ  കഴിയാത്ത  കഥയായിമാറിരി-
ക്കുകയാണ്.ഒരു  ചെറിയക്കുട്ടി കണ്ട സ്വപ്ന-
മാണ്.ആ  സംഭാവം  സത്യം  മാണെന്ന്  അ-
റിഞ്ഞാപ്പോൾ അവന്  വിശ്വസിക്കാൻ കഴി-
ഞ്ഞില്ല.

SARANYA R

# ക്രിസ്തുമസ് രാത്രി

ഒരിക്കൽ മഞ്ഞു പെയ്യുന്ന രാത്രി. കുഞ്ഞുമുത്തശ്ശിയും കുഞ്ഞുമുത്തശ്ശനും
സന്തോഷം പങ്കിടുകയായിരുന്നു. അപ്പോൾ മുത്തശ്ശൻ പറഞ്ഞു:
നമ്മുക്കൊരു കുട്ടി ഇല്ലല്ലോ. അവരുടെ വിഷമം അതായിരുന്നു. അവർ
രണ്ടാളും കൂടി മഞ്ഞുക്കൊണ്ട് ഒരു പ്രതിമയെ ഉണ്ടാക്കി. വളരെ
സങ്കടത്തോടെ അവർ അകത്തു പോയി. ഇരുവരും ഉറങ്ങാൻ കിടന്നു
ആരോ വതിൽ മുട്ടി മുത്തശ്ശി വാതിൽ തുറന്നു. അതാ അവരുണ്ടാക്കിയ
മഞ്ഞു പ്രതിമയ്ക്ക ജിവൻ വച്ചിരിക്കുന്നു. അവർക്ക് സന്തോഷമായി. ആ
പെൺക്കുട്ടിയെ അവർ നന്നായി വളർത്തി എന്നാൽ അവൾക്ക് അതിക
കാലം താമസിക്കാൻ കഴിയുകയില്ല എന്ന കാര്യം അവൾ ആരോടും
പറഞ്ഞില്ല. ഒരു ദിവസം മുത്തശ്ശിയും മുത്തശ്ശനും പഴങ്ങൾ പറക്കാൻ
കാട്ടിലേക്ക് പോയി. ആ സമയം അവൾ പുറത്തിറങ്ങി
വെയിലത്ത്ക്കളിക്കുകയായിരുന്നു. ചൂട്ക്കൂടിയപ്പോൾ അവൾ
ഉരുകിത്തിർന്നു. അവർ പഴങ്ങളുമായിവന്നപ്പോൾ മകളെ
കാണാത്തതിനാൽ അവർ തിരഞ്ഞു. അവളെ എവിടെയും കണ്ടില്ല.
അപ്പോൾ അവർക്ക് മനസിലായി അവൾ വെയിലുക്കൊണ്ട്
ഉരുകിത്തീർന്നുപ്പോയെന്ന്. വിഷമത്തോടെ അവർ ആ ക്രിസ്തുമസ് രാത്രി
കഴിഞ്ഞു!........

അർച്ചന.സി.ബി


# ആര്യഭടൻ


ഭാരതീയ ഗണിതശാസ്ത്രത്തിന്റെയും-ജ്യോതിശാസ്ത്രത്തിന്റെയും ആചാര്യന്മാരിൽ ഒരാളായിരുന്ന ആര്യഭടൻ.പാടലീപുത്രത്തിലായിരുന്ന ആര്യഭടൻ ജീവിച്ചിരുന്നത്. നളന്ദ സർവകലാശാലയുടെ കുലപതി ആയാണ് ആര്യഭടൻ സേവനംചെയ്തിരുന്നത്.ഗണിതാത്തെയും ജ്യോതിശാസ്ത്രത്തെയും സംബന്ധിച്ചുള്ള വിഖ്യാത ഗ്രന്ഥമാണ് ആര്യഭടീയം. ഇരുപത്തിമൂന്നാമത്തെ വയസ്സിലാ-ണ് ആര്യഭടൻ ഈ ഗ്രന്ഥം രചി-ച്ചത്. ഭാരതത്തിന്റെ ഗണിതശാ-സ്ത്രപാരമ്പര്യത്തെ ഉന്നതങ്ങളിലെ-ത്തിച്ച നാലു പ്രമുഖ ശാസ്ത്രജ്ഞ-രിൽ ഒന്നാമനാണ് ആര്യഭടൻ.

SMRUTHULA



# ഉണ്ണിയുടെ സ്വപ്നം





ഒരു ദിവസം ഉണ്ണിക്കുട്ടൻ മുറ്റത്ത് കളിക്കുകായായിരുന്നു. പെട്ടെന്ന് ഒരു ശബ്ദം കേട്ടു. നോക്കുമ്പോഴതാ ഒരു വലിയ രാക്ഷസൻ ഉണ്ണിക്കുട്ടന്റെ അച്ഛനും അമ്മയും എല്ലാം രാക്ഷസനെ കണ്ട് പേടിച്ച് വീട്ടിലേക്ക് ഓടി പോയി. എന്നാൽ ഒരാൾ മാത്രം പേടിച്ചില്ല. മറ്റാരും അല്ല ഉണ്ണിക്കുട്ടൻ തന്നെ രാക്ഷസൻ ഉച്ചത്തിൽ അട്ടഹാസിച്ചു. എന്നിട്ട് ഉണ്ണിക്കുട്ടനോട് ചോദിച്ചു. നി മാത്രം എന്താടാ എന്നെ കണ്ടിട്ട് പേടിക്കത്തൊത് ഞാനെന്തിന് പേടിക്കാണം നിന്നെ കണ്ടിട്ട് . ഉണ്ണിക്കുട്ടൻ തിരിച്ച്ചോദിച്ചു. ഹോ ചെറുക്കാ നീ എന്നെ കളിയാക്കുകയാണോ രാക്ഷസൻ അലറി. നിന്നെ കളിയാക്കിട്ട് എനിക്ക് എന്ത് കിട്ടാനാ. നിന്നെയൊക്കെ ഒറ്റഅടിക്ക് ഞാൻ താഴെ ഇടും. ഹും അത്രക്കോ . രാക്ഷസൻ ഉണ്ണിക്കുട്ടനെ പിടിക്കാൻ മുന്നോട്ട് വന്നു. പെട്ടെന്ന് ഉണ്ണിക്കുട്ടൻ രാക്ഷസനെ ഒറ്റയാടി. അടുത്തനിമിഷം രാക്ഷസൻ നിലത്തെറ്റി താഴെ വീണു. അപ്പോൾ ഉണ്ണിക്കുട്ടന് തന്നെ ആരോ വിളിക്കുന്നത് പോലെ തോന്നി. എഴുന്നേറ്റ് നോക്കിയാപ്പോൾഅവന്റെ അമ്മ.ഇതെല്ലാം സ്വപ്നമായിരുന്ന വെന്ന് മനസ്സിലാക്കി.അവൻ അമ്മയോട് എല്ലാം പറഞ്ഞു . അതുകെട്ട് അമ്മ ചിരിച്ചു.

# ദാരിദ്രത്തിന്റെ വിജയം

ഒരു ഗ്രാമത്തിൽ രണ്ട് സുഹ്രത്തുക്കളുണ്ടായിരുന്നു. ബാബുവും നാരായണനും അവർ നല്ല ചങ്ങതിമാരായിരുന്നു. നാരായണൻ വളരെ പാവമാണ് വീടൊന്നും ഇല്ലാത്ത പാവം എന്നാൽ ബാബു ഒരു പണക്കാരനും. നാരായണൻ ഒരു ദിവസം സ്കൂളിൽവന്നത് ഭക്ഷണം കഴിക്കാതെയായിരുന്നു. ഇത് കണ്ട് ബാബുവിന് സങ്കടമായി. എന്നിട്ട് പിറ്റേ ദിവസം നാരായണനെ ബാബുവിന്റെ വീട്ടലേക്ക് ക്ഷണിച്ചു. നാരായണൻ ബാബുവിന്റെ വീട്ടിലെത്തി-യപ്പോൾ തന്നെ കണ്ടത് ഒരു നല്ല പട്ടിയെയാണ്അത് കണ്ട നാരായണൻ അത്ഭുതപ്പെട്ടു . കാരണംഅവിടുത്തെ പട്ടിക്ക് തിന്നാൻ കൊടുക്കുന്നത് മുട്ടയും പാലും ഇറച്ചികഷണങ്ങളും ആണ് . ഇതിന് ശേഷം നാരായണൻ ബാബുവിന്റെ വീട്ടിൽനിന്ന് തിരിച്ചുപോയി. പിറ്റേ ദിവസം ക്ലാസിലെക്ക് സാർ വന്നപ്പോൾ എല്ലാവരോടും ആഗ്രഹം പറയാൻ പറഞ്ഞപ്പോൾ നാരായണൻ പറഞ്ഞു എനിക്ക് ബാബുവിന്റെ വീട്ടിലെ പട്ടിയായാൽ മതിയെന്ന്. ഇത് കേട്ട്സാർചോദിച്ചുഅതെന്താണെന്ന്അപ്പോൾ നാരായണൻ പറഞ്ഞു അവിടെയുള്ള . പട്ടിക്ക് പാലും മുട്ടയും ഒക്കെയാണ് കൊടുക്കുന്നത് എന്നാൽ എന്റെ വീട്ടിൽ കഞ്ഞിമാത്രം. ഇത്രയും കഷ്ട്പ്പെട്ട് വളർന്ന നാരായണൻ എന്നകുട്ടിയാണ് പിന്നീട് ഇന്ത്യയുടെ മുൻ രാഷ്ട്രപതിയായി മാറിയ കെ.ആർ നാരായണൻ എന്ന വ്യക്തി.....

Nikhila babu

# ഏകലവ്യ സ്കൂൾ



## നാഷണൽ സ്പോർട്സ്മീറ്റ്

# ഏകലവ്യ സ്കൂൾ നാഷണൽ സ്പോർട്സ്മീറ്റ്

2019-20 അധ്യയനവർഷത്തിലെ രണ്ടാമത് ഏകലവ്യ സ്കൂൾ നാഷണൽ സ്പോർട്സ് മീറ്റ് ഡിസംബർ 9-മുതൽ 13 വരെ മധ്യപ്രദശിലെ ദോപ്പലിൽ വെച്ച് നടന്നു.
പ്രസ്തുതമീറ്റിൽ കേരള ടീമിനെപ്രതിനിധികരിച്ച് പൂക്കോട് ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ നിന്നും 7 ആൺക്കുട്ടികളും 23 പെൺക്കുട്ടികളും 5 സ്റ്റാഫും അടങ്ങുന്ന




ഓരു ടീം ആയിരുന്നു.
ഈ സംഘം ഡിസംബർ 5 ന് രാത്രി 10 മണിക്ക് സ്കൂളിൽ നിന്നും പുറപ്പെട്ടു. 6 – തിയ്യതി ഉച്ചയ്ക്ക് 2 മണിയോടുകൂടി

ചെന്നൈയിൽ എത്തി . അന്ന് രാത്രി ചെന്നൈയിൽ
തങ്ങി 7-തിയ്യതി പുലർച്ച 5 മണിക്ക് ട്രെയിൻ കയറി
8- തിയ്യതി രാവിലെ 9 മണിക്ക് ഭോപ്പലിൽ എത്തി.
9-തിയ്യതി മുതൽ 13 വരെ മസരങ്ങൾ ഉണ്ടായിരുന്നു
അണ്ടർ 14- ഫുട്ബോൾ ആർച്ചറി, ഷട്ടിൽ,അതലറ്റിക്സ്
എന്നി ഇനങ്ങളിൽ മസരിക്കുകയും. ആർച്ചറിയിൽ-വൈശാ
ഖി രാജൻ [8] രണ്ട് വെങ്കലയും ശ്രീനാഥ് [9],ദർശന സി.കെ [8]
എന്നിവർ
ഓരോ



വെങ്കലയും കരസ്ഥമാക്കി.ഫുട്ബോളിൽ പെൺക്കുട്ടികൾ നാലാം സ്ഥാനവും നേടി.

14-തിയ്യതി ദോപ്പാലിലെ താടകവും മ്യൂസിയവും സന്ദർശിച്ച 15-ന് പുലർച്ച 3 മണിക്ക് ഡൽഹിലേക്ക് തിരിച്ച ഉച്ചയ്ക്ക് രണ്ട് മണിയോടെ ഡൽഹിയിലെത്തി 16 ന് ഡൽഹിയിൽ ഇന്ത്യഗേറ്റ് ബിർലാ മന്ദിർ പാർലമെന്റെ സമീപം, കുത്തബ് മിനാർ എന്നികണ്ട ശേഷം 16-ന് രാത്രി 10-മണിയോടെ ഡൽഹി യിൽ നിന്നും ചെന്നൈയിലേക്ക് വണ്ടികയറി



19-ന് രാവിലെ 10- മണിയോടെ ചെന്നൈയിലെത്തി അന്നേ ദിവസം ഉച്ചയ്യ്ക്ക് 12-മണിക്ക് കോഴിക്കോടേക്ക് ട്രെയിൻ കയറി രാത്രി 1 മണിയോടെ കോഴിക്കോട് എത്തുകയും ഭക്ഷണം കഴിച്ചതിന ശേഷം പുലർച്ച 3 മണിയോടുകൂടി *തിരിച്ച് സ്കൂളിൽ എത്തുകയും ചെയ്യുതു.*

# കൾച്ചറൽ ഫെസ്റ്റ്



2019-20 വർഷത്തെ രാജസ്ഥാനിൽ വച്ച് നടന്ന കൾച്ചറൽ ഫെസ്റ്റിൻെറ ഭാഗമായി കേരള ടീമിനെ പ്രതിനിധീകരിച്ച് 5 ആൺകുട്ടികളും 5 പെൺകുട്ടികളും ലീന ടീച്ചറും ഹോസ്റ്റൽ മാനേജറും പങ്കെടുത്തു.18 സംസ്ഥാനങ്ങൾ പങ്കെടുക്കുന്ന അത്യപൂർവ്വമായ പരിപാടിയായിരുന്നു ഇത്.ദേശഭക്തിഗാന മത്സരത്തിലായിരുന്നു നമ്മുടെ കുട്ടികൾ പങ്കെടുത്തത്.കുട്ടികൾക്ക്18 സംസ്ഥാനങ്ങളിലെ കുട്ടികളുമായി സമ്പർക്കം പുലർത്താനും കലയെ അടുത്തറിയാനും സാധിച്ചു.എല്ലാ കുട്ടികൾക്കും ട്രോഫിയും ഫോട്ടോയും നൽകി അതിഗംഭീരമായി പരിപാടി അവസാനിപ്പിച്ചു.


സർഗ്ഗോത്സവം 2019-20
4,5,6 ജനുവരി. 2020
കോഴിക്കോട്


ഏകലവ്യ എം.ആർ.എസ് – പൂ
വയനാട്






# സർഗ്ഗോത്സവം

# നന്ദി......